# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4781** **22.03.2018-ൽ മറുപടിക്ക്**

## ഇ സേഫ് കേരള പദ്ധതി

| | ചോദ്യം<br><br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇ-സേഫ് കേരള പദ്ധതിയുടെ ലക്ഷ്യങ്ങളെ കുറിച്ച് വിശദീകരിക്കാമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുത അപകടങ്ങളിൽ ഭൂരിഭാഗവും പൊതുജനങ്ങളുടെ അശ്രദ്ധയും, അജ്ഞതയും, അലംഭാവും മൂലമാണ്. കൂടാതെ ഒരേ കാരണത്താൽ ഉണ്ടാകുന്ന അപകടങ്ങളും കാലഹരണപ്പെട്ട വൈദ്യുത വയറിംഗിലൂടെ ഉണ്ടാകുന്ന അപകടങ്ങളും കൂടുതലാണ്. ഇതിന്റെ തോത് കുറച്ചുകൊണ്ട് വരുന്നതിന് പൊതുജനങ്ങൾക്ക് ബോധവത്കരണം നൽകുകയും കാലഹരണപ്പെട്ട വയറിംഗ് മാറ്റി സ്ഥാപിക്കലുമാണ് മാർഗ്ഗം. ബോധവത്കരണം പൊതുജനങ്ങൾക്കും കെ. എസ്. ഇ. ബി സ്റ്റാഫിനും, വ്യവസായിക മേഖലയിൽ ജോലി ചെയ്യുന്നവർക്കും നൽകി വരുന്നുണ്ട്. എന്നാൽ കാലപ്പഴക്കം ചെന്ന വൈദ്യുത വയറിംഗിലൂടെ ഉണ്ടാകുന്ന അപകടങ്ങൾ കുറച്ചുകൊണ്ട് വരുന്നതിനുള്ള പ്രാരംഭ ഘട്ട നടപടി എന്നതിന്റെ അടിസ്ഥാനത്തിൽ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 860 പേരുടെ വീടുകളുടെ കാലപ്പഴക്കം ചെന്ന വയറിംഗുകൾ മാറ്റി സർക്യൂട്ടിൽ വൈദ്യുത ചോർച്ച നിയന്ത്രിച്ച് അപകടം ഒഴിവാക്കുന്ന എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ (ഇ.എൽ.സി.ബി) സ്ഥാപിച്ചുകൊണ്ട് വയറിംഗ് നവീകരിച്ച് പുനസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതി ഇ-സേഫ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ഈ പദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ വീടുകൾ പുതുക്കി വയറിംഗ് ചെയ്ത് നൽകുന്നതിനുള്ള ടെൻഡർ ക്ഷണിക്കുകയും ഇതിന്റെ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ